# ടീച്ചിംഗ് മാന്വൽ

**വിഷയം : മലയാളം**

**ക്ലാസ് : 5**

**യൂണിറ്റ് : ഇത്തിരിപ്പൂവേ കുരുന്നു പൂവേ**

**സമയം : 60 മിനിട്സ്**

**പഠന ലക്ഷ്യം-**

**ആശയം / ധാരണ : പ്രകൃതി സൗന്ദര്യം പ്രതിഫലിക്കുന്ന വിവിധ സാഹിത്യ കൃതികൾ ഭാഷയിലുണ്ട്.**

**ശേഷികൾ / നൈപുണികൾ : താളവും, ഈണവും, ഭാവവും ഉൾക്കൊണ്ട് കവിത ചൊല്ലി അവതരിപ്പിക്കുന്നതിന്.**

**മൂല്യങ്ങൾ / മനോഭാവങ്ങൾ : പ്രകൃതി സൗന്ദര്യം തിരിച്ചറിയാനും, ആസ്വദിക്കാനും, പരിരക്ഷിക്കാനുമുള്ള മനോഭാവം.**

**സാമഗ്രികൾ വിവിധ മഴചിത്രങ്ങൾ, എ ഐ ചിത്രങ്ങൾ, വിവിധ മഴ കവിതകൾ,**

BRC THALAVADY

| **പ്രവർത്തനങ്ങൾ** | **പ്രതികരണങ്ങൾ** |
|---|---|
| പ്രവേശകം<br>മണ്ണേ നമ്പി ലേ ലയ്യ മരമിരുക്ക് എന്ന പാട്ട് കേൾപ്പിക്കുന്നു.<br>കൂടെ പാടുന്നതിന് അവസരം നൽകുന്നു.<br>എല്ലാവരും ചേർന്ന് കൈകൊട്ടി താളത്തിൽ പാടുന്നു. | |
| പ്രവർത്തനം 1<br>ചില മഴപ്പാട്ടുകൾ കേൾപ്പിക്കുന്നു.<br>ഏതാനും മഴച്ചിത്രങ്ങൾ കാണുവാൻ അവസരം നൽകുന്നു.<br>തുടർന്ന് AI ഉപയോഗിച്ച് നിർമിച്ച മഴ നനയുന്ന കുട്ടിയുടെയും, പക്ഷിയുടെയും ചിത്രങ്ങളും പ്രദർശിപ്പിക്കുന്നു. അതിൽ എഴുതിയിരിക്കുന്നത് വായിപ്പിക്കുന്നു. | |
| പ്രവർത്തനം 2<br>കുട്ടികളോട് അവർക്ക് ഇഷ്ടപ്പെട്ട മഴക്കാഴ്ചകൾ എഴുതുവാൻ പറയുന്നു.<br>മഴ നനഞ്ഞ് പറക്കുന്ന പക്ഷികൾ<br>പുഴയിൽ മഴ വീഴുന്നത്<br>ഇലയിൽ നിന്നും മഴത്തുള്ളികൾ ഉതിർന്ന് വീഴുന്നത്<br>മഴവെള്ളം മണ്ണിലേക്കിറങ്ങുന്നത്<br>പാടത്ത് മഴ പെയ്യുന്നത് | |

| | |
|---|---|
| ……………………………...<br>വ്യക്തിഗതമായി അവതരിപ്പിക്കാൻ അവസരം നൽകുന്നു. | |
| പ്രവർത്തനം 3<br>കുട്ടികൾക്ക് അറിയാവുന്ന പൂക്കളുടെ പേരുകൾ ചോദിക്കുന്നു.<br>ലിസ്റ്റ് ചെയ്യാൻ പറയുന്നു.<br>ഓരോരുത്തരെയും കൊണ്ട് വായിപ്പിക്കുന്നു.<br>ബോർഡിൽ ക്രോഡീകരിക്കുന്നു. | |
| പ്രവർത്തനം 4<br>കവിത വായിക്കാം<br>മണ്ണിന്റെ കിനാവുകൾ എന്ന കവിതാഭാഗം മൗനമായി വായിക്കുന്നതിന് നിർദ്ധേശിക്കുന്നു.<br>നിങ്ങൾ പറഞ്ഞ ഏതൊക്കെ പൂവുകൾ ഈ കവിതയിൽ ഉണ്ട് കണ്ടെത്താമോ | |
| പ്രവർത്തനം 5<br>കുട്ടികളെ രണ്ട് ഗ്രൂപ്പുകളായി തിരിക്കുന്നു.<br>രണ്ട് ഗ്രൂപ്പുകളും കവിതയ്ക്ക്ഈണം കണ്ടെത്തി അവതരിപ്പിക്കുന്നു. മികച്ച അവതാരകരെ അഭിനന്ദിക്കുന്നു. | |
| പ്രവർത്തനം 5<br>ടീച്ചർ കവിതാഭാഗം ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നത് കുട്ടികളെ കേൾപ്പിക്കുന്നു. | |

**തുടർപ്രവർത്തനം.**

മലയാളത്തിലെ മനോഹരങ്ങളായ മഴപ്പാട്ടുകൾ കണ്ടെത്തി ശേഖരിക്കുക.

BRC THALAVADY